**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2056** **06-07-2022 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ ഫയർ & റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (എ) | താഴെ പറയുന്ന ഘടകങ്ങൾ പരിഗണിച്ചാണ് നിലവിൽ മുൻഗണനാ ക്രമത്തിൽ സ്ഥലങ്ങൾ ഉൾപെടുത്തുന്നത്.<br><br>1. പ്രദേശത്തെ ജനസാന്ദ്രത.<br>2. റെസ്പോൺസ് ടൈം (ഗ്രാമ പ്രദേശങ്ങളിൽ 20 മിനിറ്റും പട്ടണ പ്രദേശങ്ങളിൽ 5 മിനിറ്റും)<br>3. പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ.<br>4. പ്രദേശത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ/സ്റ്റേഡിയങ്ങൾ/സമ്മേളന നഗരികൾ.<br>5. പ്രദേശത്തിന്റെ അഗ്നി സുരക്ഷയെ ബാധിക്കുവാൻ സാധ്യതയുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, ജലലഭ്യത മുതലായവ.<br><br>ഈ മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം ഫയർ & റെസ്ക്യൂ വകുപ്പ് മേധാവിക്ക് നൽകിയിരിക്കുകയാണ്. |
| (ബി) | KSIDC യിലെ നിരവധി വ്യവസായ ശാലകൾ, നിരന്തരം അപകടം സംഭവിക്കുന്ന കരിയാത്തുംപാറ വിനോദസഞ്ചാര കേന്ദ്രം, കക്കയം ഡാംസൈറ്റ്, വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പുഴയോര ജനധിവാസ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ&റസ്ക്യൂ സ്റ്റേഷൻ അത്യാവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ബി) | തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനു ശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്കുള്ള പ്രൊപ്പോസലുകൾ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ